"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - ജീവനക്കാര്യം - ശ്രീ. സന്തോഷ്. എം.വി, ശ്രീമതി. ജൂല. ഡി എന്നിവരുടെ എക്സി. എഞ്ചിനീയർ തസ്തികയിലെ പ്രൊബേഷൻ തൃപ്തികരമായി പൂർത്തീകരിച്ചതായി പ്രഖ്യാപിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഇ.ഡബ്ല്യു.എ) വകുപ്പ്**

സ.ഉ.(സാധാ) നം.2548/2021/ത.സ്വ.ഭ.വ — തീയതി,തിരുവനന്തപുരം, 13/12/2021

---

പരാമർശം:-

1. സ.ഉ(സാധാ)നം.51/2020/തസ്വഭവ തീയതി 04.01.2020.
2. സ.ഉ(സാധാ)നം.29/2021/തസ്വഭവ തീയതി 05.01.2021.
3. തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 05.10.2021-ലെ ഇ1/12872/2018/സി.ഇ/തസ്വഭവ നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശ സർക്കാർ ഉത്തരവുകൾ പ്രകാരം എക്സി. എഞ്ചിനീയറായി സ്ഥാനക്കയറ്റം ലഭിച്ച ശ്രീ. സന്തോഷ്. എം.വി, ശ്രീമതി. ജൂല. ഡി എന്നിവർ യഥാക്രമം 10.01.2020 അപരാഹ്നത്തിലും, 07.01.2021 പൂർവ്വാഹ്നത്തിലും ടി തസ്തികയിൽ ജോലിയിൽ പ്രവേശിക്കുകയുണ്ടായി. ടിയാളുകളുടെ എക്സി.എഞ്ചിനീയർ തസ്തികയിലെ പ്രൊബേഷൻ തൃപ്തികരമായി പൂർത്തീകരിക്കുന്നതിനായി തദ്ദേശസ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ പരാമർശം(3) കത്ത് പ്രകാരം പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു.

പ്രസ്തുത ഉദ്യോഗസ്ഥർ പ്രൊബേഷൻ കാലയളവിൽ പ്രൊബേഷനെ ബാധിക്കുന്ന അവധി വിനിയോഗിച്ചിട്ടില്ല. ടിയാളുകളുടെ ജോലിയും സ്വഭാവവും തൃപ്തികരമാണെന്ന് അവരുടെ മേൽ ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ, ശ്രീ. സന്തോഷ്. എം.വി, ശ്രീമതി. ജൂല. ഡി എന്നീ എക്സി. എഞ്ചിനീയർമാരുടെ, എക്സി. എഞ്ചിനീയർ തസ്തികയിലെ പ്രൊബേഷൻ കെ.എസ്.&എസ്.എസ്.ആർ ഭാഗം II ചട്ടം 20(ബി) പ്രകാരം യഥാക്രമം 11.07.2020 പൂർവ്വാഹ്നത്തിലും, 07.07.2021 പൂർവ്വാഹ്നത്തിലും, തൃപ്തികരമായി പൂർത്തീകരിച്ചതായി പ്രഖ്യാപിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റ്റി.മേയോ ഭാസ്കർ
അണ്ടർ സെക്രട്ടറി

പകർപ്പ് :

1. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ *(തസ്വഭവ ചീഫ് എഞ്ചിനീയർ മുഖേന)*
2. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്) കേരള, തൃശ്ശൂർ
4. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
5. വെബ്&ന്യൂമീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
6. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by Sreekanth G
Date: 13-12-2021 16:41:22
Reason: Approved

സെക്ഷൻ ഓഫീസർ